(ബി) ഈ റോഡ് ഗതാഗതയോഗ്യമാക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കരവാരം, നഗരൂർ ഗ്രാമപഞ്ചായത്തുകളുടെ അതിർത്തിയിലുള്ള വിളയിൽകട- ഇറത്തിയിൽ-ശബരിമലക്കുന്ന് വഴിയുള്ള നെടുമ്പറത്ത് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കുവേണ്ടി 2013-14 വർഷത്തെ ജനകീയാസൂത്രണ പദ്ധതിപ്രകാരം ലോകബാങ്ക് ധനസഹായം ഫണ്ട് 3,00,000 രൂപ ആകെ അടങ്കൽ തുക വകയിരുത്തി ഒന്നാം മെറ്റലിംഗിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളതും ഇപ്പോൾ റോഡ് സഞ്ചാരയോഗ്യമാക്കിയതുമാണ്. കൂടാതെ 2014-15 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി മെയിന്റനൻസ് ഫണ്ട് വിഹിതം 8,31,000 രൂപ വകയിരുത്തി ടി റോഡിന്റെ മെറ്റലിംഗും, ടാറിംഗും നടത്തുന്നതിനു വേണ്ടി പദ്ധതി തയ്യാറാക്കി ജില്ലാ പ്ലാനിംഗ് സമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതുമാണ്.

സുതാര്യകേരളം പദ്ധതിയിൽ അപേക്ഷ

8 (6153) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുതാര്യ കേരളം പദ്ധതിയിൽ അപേക്ഷ കൊടുത്താൽ എത്ര ദിവസത്തിനുശേഷമാണ് അപേക്ഷയിന്മേൽ തീരുമാനമായി അപേക്ഷകന് മറുപടി ലഭിക്കുക എന്ന് വ്യക്തമാക്കുമോ ;

(ബി) കൊടുത്ത അപേക്ഷകളിന്മേൽ ഒരു വർഷം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സുതാര്യകേരളം പരിപാടിയിൽ ലഭിക്കുന്ന അപേക്ഷയിൽ 14 ദിവസത്തിനകം നടപടി സ്വീകരിച്ച് നിവേദകന് മറുപടി നൽകാനാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്.

(ബി & സി) കാലതാമസം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സമയ ബന്ധിതമായി നടപടി സ്വീകരിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും ഓഫീസ് തലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സേവനാവകാശ നിയമം

9 (6154) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശനിയമം സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സേവനാവകാശനിയമം ലംഘിച്ചതിന്റെ ഭാഗമായി ശിക്ഷാനടപടി സ്വീകരിച്ച ഉദ്യോഗസ്ഥന്റെ പേരും വകുപ്പും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ ആക്ട്, 2012 പ്രകാരം ഓരോ സർക്കാർ വകുപ്പും വകുപ്പുമേധാവിയും സ്ഥാപനവും ടി ആക്ട് നടപ്പിലാക്കേണ്ടതുണ്ട്. അപ്രകാരം 109 സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ നിയമം നടപ്പിലാക്കി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

സേവനാവകാശ നിയമം

10 (6155) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മതിയായ സമയത്തിനുള്ളിൽ സേവനം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ ശിക്ഷാനടപടികളാണ് സേവനാവകാശ നിയമത്തിൽ പ്രതിപാദിക്കുന്നത് ?

ഉത്തരം

കേരള സംസ്ഥാന സേവനാവകാശ ആക്ട്, 2012, 8-ാം വകുപ്പിൽ ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ട്.

ശിക്ഷ

(1) രണ്ടാം അപ്പീൽ അധികാരി,-

(എ) നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ അഞ്ഞൂറു രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്.

(ബി) നിയുക്ത ഉദ്യോഗസ്ഥൻ സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവുവഴി കാരണങ്ങൾ വിവരിച്ചുകൊണ്ട് നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് ഇരുന്നൂറ്റി അമ്പത് രൂപ നിരക്കിൽ, അതിന്റെ ആകെ തുക അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്.

എന്നാൽ അത്തരം ഒരു ശിക്ഷ ചുമത്തുന്നതിനുമുമ്പ് നിയുക്ത ഉദ്യോഗസ്ഥന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) മതിയായതോ യുക്തിസഹമോ ആയ കാരണമില്ലാതെ ആറാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീലിൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന്

LIBRARY ARCHIVES Kerala Legislative Assembly